# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 605 — 26.04.2017-ൽ മറുപടിക്ക്

## ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | എ) സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കു കൂടി സൗകര്യ പ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത കൂടി വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | ബി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ, എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. |

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹൃദ സംരംഭം കൂടി ഉൾപ്പെടുത്തുവാനാണ് ആലോചിക്കുന്നത്.

സി) ഇതിന്റെ ഭാഗമായി, ടൂറിസം കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അവിടെ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

സി) ടൂറിസം കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ അവിടെ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച പരിശോധന നടത്തി വരുന്നു.

ഡി) ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഏജൻസികൾ, സംഘടനകൾ മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുമായി കൂടി ആലോചിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഡി) പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.